For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 4 | മാർച്ച് 2008

## വാർത്താപത്രിക

### ചരിത്രം തിരുത്തിയ എസ്.എസ്.എൽ. ക്യാമ്പുകൾ ഏപ്രിൽ 2 മുതൽ 7 വരെ.

പ്രാദേശിക ബ്രദ്റൻ സഭകളിലെ യുവതലമുറയെ ആത്മീയമായി ഉണർത്തി വ്യക്തി ജീവിതങ്ങൾക്ക് രൂപാന്തരം വരുത്തിയ എസ്.എസ്.എൽ. ക്യാമ്പുകൾ ആരംഭിച്ചിട്ട് രണ്ട് ദശകങ്ങളാകുന്നു. അക്കാഡമിക്ക് വിഷയങ്ങളിലും ആത്മീയ പരിശീലനത്തിനും ഇത്രയേറെ പ്രയോജനകരമായ ക്യാമ്പുകൾ കേരളത്തിൽ മറ്റൊരു സഭാ വിഭാഗങ്ങൾക്കും ഇല്ലായെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. ക്യാമ്പ് ആരംഭിക്കുന്നതിന് വളരെ മുമ്പു തന്നെ മാതാപിതാക്കളുടെയും കുട്ടികളുടെയും ഒരുപോലെയുള്ള താല്പര്യം ശ്രദ്ധേയമാണ്. നമ്മുടെ മദ്ധ്യത്തിലുള്ള മറ്റ് യുവജന പ്രവർത്തനങ്ങൾക്കും ഈ ക്യാമ്പുകൾ പ്രയോജനപ്പെടുന്നുണ്ട്. ക്യാമ്പ് നടത്തിപ്പിനെപ്പറ്റി പുതിയ ഉൾക്കാഴ്ചകൾ പകർന്നത് എസ്.എസ്.എൽ. ക്യാമ്പുകളാണ്. പ്രാദേശിക സഭകൾക്ക് നഷ്ടമായിക്കൊണ്ടിരുന്ന അടുത്ത തലമുറയെ പിടിച്ച് നിർത്താൻ ഉപകരിച്ച ഈ ക്യാമ്പുകളുടെ ചരിത്രം പ്രാർത്ഥനയുടെയും ദൈവത്തിന്റെ പ്രത്യേക കരുതലുകളുടെയും പുതിയ അദ്ധ്യായമാണ്.

ഏപ്രിൽ 2 മുതൽ 7വരെ ഒരേ സമയം അങ്കമാലിയിൽ എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിലുള്ളവർക്കും അടൂരിൽ കോട്ടയം മുതൽ തെക്കോട്ടുള്ളവർക്കും പങ്കെടുക്കാം. വിശദമായ അറിയിപ്പുകൾ സഭകളിലേക്ക് അയച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും,

SSL Camp, P.O. Box No. 4, Kuttappuzha, Thiruvalla - 689 103. Ph : 04692601532, 9447414222, 9447341237. ഈ ശുശ്രൂഷയ്ക്ക് സാമ്പത്തിക സഹകരണം കാണിക്കുവാൻ കർത്താവ് പ്രേരണ നൽകുന്ന സഭകൾക്കും, വ്യക്തികൾക്കും Robert Thomas, Rubber Board P.O., Thalappadi, Kottayam - 686009. എന്ന പേരിൽ അയക്കാവുന്നതാണ്. സഹോദരന്മാരായ റ്റി.സി. രാജൻ, ബൈജു എം. ജോസഫ്, പി. ജെയിംസ്, റോബർട്ട് തോമസ് എന്നിവരാണ് കൺവീനർമാർ.

# ആൻഡമാൻ നിക്കോബാർ



ഇന്ത്യൻ വൻകരയിൽ നിന്ന് രണ്ടായിരത്തോളം കി.മീ. അകലെ ഒറ്റപ്പെട്ടു കിടക്കുന്ന മനോഹരമായ ദ്വീപു സമൂഹമാണ് ആൻഡമാൻ നിക്കോബാർ കേന്ദ്രഭരണ പ്രദേശം. 36 ജനവാസ ദ്വീപുകൾ. ഭൂമിശാസ്ത്രപരമായി ചെറിയകുന്നുകളും ഹരിത വനങ്ങളും നിറഞ്ഞ പ്രദേശം. നെഗ്രിറ്റോ വംശജരായ ഗ്രേറ്റ് ആൻഡമാനീസ് (Great Andamanese), ഓൻജെസ് (Onges), ജാരവസ് (Jarawas), സെന്റിനാറ്റീസ് (Sentinates), എന്നീ ആദിവാസി ഗോത്രങ്ങളെ ആൻഡമാനിലും, മംഗ്ലോയിഡ് വംശജരായ നിക്കോബാറീസ് (Nicobarese), ഷാമ്പെൻസ് (Shampens) തുടങ്ങിയവരെ നിക്കോബാറിലും കാണാൻ കഴിയും. 1789ലാണ് ആദ്യ ബ്രിട്ടീഷ് അധിനിവേശം. തുടർന്ന് നാടുകടത്തപ്പെട്ട കുറ്റവാളികളെയും, സ്വാതന്ത്ര്യസമരസേനാനികളെയും ബ്രിട്ടീഷുകാർ അവിടെ പാർപ്പിച്ചു. അങ്ങനെ ഈ ദ്വീപു സമൂഹങ്ങളിലേക്ക് വൻ കരയിൽ നിന്ന് ആളുകൾ എത്തപ്പെട്ടു. ഇന്ന് അനേക ജനവിഭാഗങ്ങൾ താമസിക്കുന്ന 'മിനി ഇന്ത്യ"ആയിരിക്കുന്നു ആൻഡമാൻഡ്.

2004 ഡിസംബർ 26-ാം തീയതി സുമാത്രായിലുണ്ടായ ഭൂകമ്പവും ഒപ്പമുണ്ടായ സുനാമി (Tsunami) യും വമ്പിച്ച നാശനഷ്ടങ്ങൾ ആൻഡമാൻ ദ്വീപു സമൂഹങ്ങളിലുണ്ടാക്കി. തുടർന്നുള്ള ഉപഗ്രഹ നിരീക്ഷണ പഠനങ്ങളിൽ (Satellite Study) ഭൂമിശാസ്ത്രപരമായി വമ്പിച്ച മാറ്റങ്ങളാണ് ദൃശ്യമാകുന്നത്. വടക്ക് (North), മദ്ധ്യം (Middle), തെക്ക് (South), ചെറുത് (Small), എന്നിങ്ങനെയുള്ള ആൻഡമാൻ മേഖലകളിലും, കാർ (Car), വലുത് (Great) എന്നിങ്ങനെയുള്ള നിക്കോബാർ ദ്വീപുകളിലും ഭൗമോപരിതലത്തിലും ജലനിരപ്പുകളിലും വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. നിക്കോബാറിന്റെ തെക്കേയറ്റത്തുള്ള കാംബെൽബേയിൽ ശരാശരി ജലനിരപ്പ് 2 മീറ്ററോളം ഉയർന്നു. അവിടെയുള്ള പല കെട്ടിടങ്ങളും വെള്ളത്തിനടിയിലായി. ഇന്ദിര പോയിന്റ് എന്നറിയപ്പെടുന്ന ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റുത്തുള്ള മുനമ്പ് പൂർണ്ണമായും നശിച്ചു. 23 മീറ്റർ ഉയരമുള്ള ലൈറ്റ് ഹൗസ് ഇന്ന് 3 മീറ്ററോളം വെള്ളത്തിനടിയിലാണ്. നിക്കോബാറിന്റെ വടക്കേ അറ്റമായ കാർനിക്കോബാർ ആണ് സുനാമി ദുരന്തം കൂടുതൽ ഏറ്റുവാങ്ങിയത്. അവിടെയുണ്ടായിരുന്ന ആർമി, എയർ ഫോഴ്സ് ക്യാമ്പസ്, ടൗൺഷിപ്പ് ഇവയെല്ലാം ഒഴുകിപ്പോയി. തലസ്ഥാനമായ പോർട്ട്ബ്ലെയർ ഒന്നര മീറ്ററോളം താണുപോയി.



ബതുബസ്തിയിലെ ചിൽഡ്രൻസ് ക്ലബ്

കാംബെൽബേയിലെ നമ്മുടെ സഹോദരിസഹാദരന്മാരുടെ വസ്തുവകകളും സഭാഹാളും സുനാമിയാൽ പൂർണ്ണമായും നശിച്ചു പോയി. സഹോ. എം.കെ. സണ്ണി താമസിക്കുന്ന പോർട്ട് ബ്ലെയറിലെ വീടിന് 3 കിലോ. മീ. അകലെയായിരുന്ന കടൽ ഇപ്പോൾ 50 മീ. അടുത്താണ് സുനാമിയിൽ നിന്ന് കാംബെൽ ബേയിലെ സുവിശേഷകനായ ശെൽവകുമാറും കുടുംബവും അത്ഭുതകരമായി രക്ഷപ്പെട്ടു. എപ്പോൾ വേണമെങ്കിലും വരാവുന്ന ഭൂകമ്പത്തെയും, ബാറിൻ ഐലന്റിലെ അഗ്നിപർവ്വത സ്ഫോടനത്തെയും ഭയന്നാണ് ഇന്ന് ദ്വീപിലുള്ളവർ കഴിയുന്നത്. ശുദ്ധജലക്ഷാമം അതിരൂക്ഷമാണ്. നിരന്തരം ചെളി പുറത്തു ചാടിവരുന്ന മഡ്സ് വോൾകാനോ കാണാൻ രസമാണെങ്കിലും ഭയമുളവാക്കുന്നതാണ്. വർദ്ധിച്ച ജീവിതച്ചെലവാണിവിടുള്ളത്. വൻകരയിൽ നിന്നാണ് എല്ലാ സാധനങ്ങളും എത്തിച്ചേരുന്നത്. ഈ സാഹചര്യങ്ങളുടെ മദ്ധ്യേയാണ് നമ്മുടെ സഹോദരന്മാർ അവിടെ പ്രവർത്തിക്കുന്നത്.

പോർട്ട്ബ്ലെയർ സഭ (ബുനിയാഡാബാദ്) ആരംഭിച്ചത്. 1968-ൽ സഹോ. എം. ജോർജ്ജ് മുഖേനെയാണ്. ആദ്യകാല പ്രവർത്തകനായ സഹോ. ജോസഫ് ഇപ്പോഴും ഊർജ്ജസ്വലനായി പ്രവർത്തിക്കുന്നു. ഈയിടെ പണികഴിപ്പിച്ച മനോഹരമായ സഭാഹാൾ നമുക്കഭിമാനമാണ്. സഹോ. എം. ജോസഫിന്റെ മകൻ, എബി ജോസഫ്, ബോംബെയിലെ ഉന്നത നിലയിലുള്ള ജോലി രാജിവെച്ചു. ഇപ്പോൾ സുവിശേഷവേലയ്ക്ക് സമർപ്പിച്ച് ഇവിടെ പ്രവർത്തിക്കുന്നു. രണ്ടാമത്തെ നമ്മുടെ സഭ



സുനാമി പുനരധിവാസ കേന്ദ്രത്തിൽ നിന്ന്

നിക്കോബാറിൽ സഹോ. എം.കെ. സണ്ണിയും, സഹോ. ജോൺ മാത്യുവും ചേർന്ന് ആരംഭിച്ചു. പിന്നീട് 1992 ൽ സഹോ. ജി. ശെൽവകുമാറും കൂടി ചേർന്ന് പ്രവർത്തിച്ച് 2 സഭകൾ കൂടി ആരംഭിച്ചു. സഹോ. സെൽവകുമാർ ഖട്ട്ബേയിലും പ്രവർത്തിക്കുന്നുണ്ട്. സുനാമി എല്ലാ സംവിധാനങ്ങളെയും തകർത്തുവെങ്കിലും ദൈവകൃപയാൽ അല്പം സ്ഥലം വാങ്ങി, സഭാഹാൾ പണിതു.

കാംബെൽബേയിൽ ഇപ്പോൾ വളരെ വലിയ ഒരു സഭയുണ്ട് സഹോ. പി. ഫിനെഹാസ് ഇപ്പോൾ ആ സഭയിൽ നിന്ന് സുവിശേഷവേലക്ക് ഇറങ്ങിയിട്ടുണ്ട്. വളരെ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് കുഞ്ഞുങ്ങളുടെയിടയിൽ അനേക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ഡയറിഫാമിനടുത്തായി ഒരു കൂടി വരവു തുടങ്ങിയിട്ടുണ്ട്. സഹോ. ജോർജ്ജ് ജോസഫ് ആ അസംബ്ലിയെ നയിക്കുന്നു. സുനാമി ദുരിതാശ്വാസ കാര്യങ്ങളിൽ നമ്മുടെ സഹോ. എം.കെ. സണ്ണി മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചു. ഏറ്റവുമാദ്യം സഹായമെത്തിച്ചവരിൽ ഒരാളായിരുന്നു സഹോ. സണ്ണി. 2005 ജൂലൈ 30ന് സുനാമി ബാധിതരുടെ ഇടയിലെ പ്രവർത്തനത്താൽ ബ്രദ്റൺ ചാപ്പൽ ബതുബസ്തി ആരംഭിച്ചു. ക്രമമായി നടക്കുന്ന പ്രവർത്തനങ്ങളോടൊപ്പം സുനാമി അഭയാർത്ഥികളായ 200ൽ പരം കുഞ്ഞുങ്ങളോട് ദ്വീപിലെ 5 സ്ഥലങ്ങളിലായി നടക്കുന്ന ചിൽഡ്രൻസ് ക്ലബ്ബുകളിലൂടെ നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളെ കർത്താവിനായി നേടുന്നത് എത്രയോ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷയാണ്. സഹോ. ലോറൻസ് ദൻവാർളം ഈ പ്രവർത്തനത്തിൽ സഹായിക്കുന്നു. അദ്ദേഹത്തെ കുടുംബമായി ഓർത്ത് പ്രാർത്ഥിക്കുക. ഇവിടെ ഒരു വാടക കെട്ടിടത്തിലാണ് ആരാധന നടക്കുന്നത്. അവിടെ അത്യാവശ്യമായി ഒരു സഭാഹാൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പ്രിയപ്പെട്ടവരെ ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തീകമായി സഹോയിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

ആദിവാസികളുടെ ഇടയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കേണ്ടിയി

*ശേഷം 3-ാം പേജിൽ*

### ഉൾപേജിൽ

ആരാധനാ സ്ഥലം, സമയം ........ 2
ചിൽഡ്രൻസ് ക്ലബ് ..................... 2
ഒരുപേരിൽ എന്തിരിക്കുന്നു .. 3
വിവാഹ വേദി ............................. 3
ആരോഗ്യ രംഗം ......................... 3

# വിശ്വാസികൾക്കു നേരെ ആക്രമണം

സഭായോഗം നടക്കുന്നതിനിടയ്ക്ക് സുവിശേഷ വിരോധികളായ ഒരു സംഘം ആൾക്കാർ സഭായോഗത്തിനായ് ഉപയോഗിച്ചിരുന്ന കെട്ടിടത്തിലേക്ക് ഇരച്ചുകയറി വിശ്വാസികളെ ആക്രമിച്ചു. കർണ്ണാടകയിലെ ദാവൺഗരെ ജില്ലയിലാണ് മാർച്ച് 9 ഞായറാഴ്ച ക്രൂരമായ ഈ സംഭവം നടന്നത്. അന്ന് രാവിലെ യോഗം തുടങ്ങിയപ്പോൾ അപരിചിതനായ ഒരാൾ യോഗത്തിൽ സംബന്ധിക്കാനെന്ന ഭാവത്തിൽ കടന്നുവന്നിരുന്നു. ഏതാണ്ട് യോഗം അവസാനിക്കാറായ നേരത്താണ് ഈ അപരിചിതന്റെ നിർദ്ദേശപ്രകാരം പുറത്ത് തയ്യാറായി നിന്നിരുന്ന അക്രമിസംഘം യോഗസ്ഥലത്തേക്ക് വന്ന് അക്രമം അഴിച്ചുവിട്ടത്. സ്ഥലം സുവിശേഷകൻ




*ദാവൺഗെരേ ജില്ലാ മാപ്പ്*

ഫിലമോൻ ബാബുവിന്റെ അഭാവത്തിൽ യോഗത്തിന് നേതൃത്വം നൽകികൊണ്ടിരുന്ന സുവിശേഷകൻ ജോബിൻ വർഗ്ഗീസിനെയാണ് അക്രമികൾ ആദ്യം നേരിട്ടത്. പിന്നീട് സഹോദരന്മാർക്ക് നേരെ തിരിഞ്ഞ സംഘം സഹോദരിമാരെയും വെറുതെ വിട്ടില്ല. മുറിയിലുണ്ടായിരുന്ന വസ്തുവകകൾക്ക് കേടു വരുത്തിയ ഇവർ വിശ്വാസികളിൽ നിന്ന് ബൈബിൾ പിടിച്ചു വാങ്ങി നശിപ്പിച്ചു. വലിയ ഭീഷണി മുഴക്കിയ സംഘം വിശ്വാസികളെ എല്ലാവരെയും പുറത്താക്കി താക്കോലിട്ട് മുറിപൂട്ടി. ഇനി ഇതുപോലെ യോഗം ചേരരുതെന്ന താക്കീത് നൽകിയതിനു ശേഷമാണ് സംഘം മടങ്ങിയത്.

മലയാളിയായ ജോബിൻ വർഗ്ഗീസിനോട് 'ഞങ്ങളുടെ നാട്ടിൽ നിനക്കെന്താ കാര്യം? മേലാൽ ഇവിടെ തുടരരുത്' എന്ന ഭീഷണിയും ഇക്കൂട്ടർ ഉയർത്തിയിരുന്നു ദാവൺഗെരെ സഭയിലെ വിശ്വാസികളിൽ ഭൂരിഭാഗവും പുതുതായി മുന്നോട്ടു വന്നവരാണ്. ഈ സംഭവം അവരെ വളരെ തളർത്തികളഞ്ഞിരിക്കയാണ്. വാടകയ്ക്ക് എടുത്തിരുന്ന കെട്ടിടത്തിലാണ് സഭായോഗം കൂടിക്കൊണ്ടിരുന്നത്. ഇനി എവിടെ യോഗത്തിനായി കൂടിവരും എന്ന ആശങ്കയിലാണ് വിശ്വാസികൾ. നേരത്തെ പ്രത്യക്ഷമായ എതിർപ്പുകളിലായിരുന്നെങ്കിലും സുവിശേഷ പ്രവർത്തനങ്ങൾക്ക് നിസഹകരണ പ്രതികരണമാണ് ഇവിടെയുള്ളത്. അതുകൊണ്ടു തന്നെ പുതിയ സ്ഥലം വാടകയ്ക്ക് ലഭിക്കുക എന്നതും വളരെ പ്രയാസകരമാണ്.

കർണാടകയുടെ ഹൃദയഭാഗത്താണ് ദാവൺഗരെ ജില്ല സ്ഥിതി ചെയ്യുന്നത്. "തടാകങ്ങളുടെ ഗ്രാമം" എന്ന് അർത്ഥം വരുന്ന 'ദാവണകെരെ' എന്ന വാക്കിൽ നിന്നാണ് ഈ പേരിന്റെ ഉത്ഭവം. നേരത്തെ ചിത്രദുർഗ്ഗ ജില്ലയിൽ സ്ഥിതി ചെയ്തിരുന്ന ഈ സ്ഥലം 1997ലാണ് ഒരു ജില്ലയായ് വേർതിരിച്ചത്. കൃഷിയാണ് പ്രധാന വരുമാനം. കൂടാതെ പേരുകേട്ട പ്രീമിയം കോട്ടന്റെയും, ഹാഡ്‌ലൂമിന്റെയും പ്രധാന ഉൽപ്പാദനം ഇവിടെയാണ് നടക്കുന്നത്. 2001-ലെ സെൻസസ് അനുസരിച്ച് 19 ലക്ഷത്തോളം ആയിരുന്നു ജനസംഖ്യ.

നേരത്തെ വൈ.എം.ഇ.എഫ്. ടീമിന്റെ പ്രവർത്തനങ്ങളൊഴിച്ചാൽ കാര്യമായ പ്രവർത്തനങ്ങൾ പൊതുവിൽ നടന്നിട്ടില്ല. മറ്റ് സുവിശേഷ വിഹിത സഭകളുടെ പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും ശക്തമല്ല. ഇപ്പോഴുണ്ടായിരിക്കുന്ന സംഭവം വിശ്വാസികളെയും പ്രവർത്തനങ്ങളെയും ബാധിക്കാതിരിക്കാൻ ദൈവജനം പ്രാർത്ഥിക്കുക.

*- റിപ്പോർട്ടർ*

# ആരാധനാസ്ഥലം, സമയം

**കർത്തൃദാസൻ എ. പി. ഗിബ്സ് എഴുതിയതും സുവി. കെ.ജി. കുര്യൻ (കോട്ടയം) തർജ്ജിമചെയ്ത് ജനറൽ വൈ. എം. ഇ. എഫ്. 1975ൽ പ്രസിദ്ധീകരിച്ചതുമായ ആരാധന എന്ന പുസ്തകത്തിൽ നിന്ന്**

**(പേജ് 58, യോഹന്നാൻ 4:20)**

ഈ സ്ത്രീ സദാചാരനിഷ്ഠയുള്ളവളല്ലായിരുന്നെങ്കിലും മതപരമായ കാര്യങ്ങളെക്കുറിച്ചു കർത്താവിനോടു സംസാരിക്കാൻ മടി കാണിച്ചില്ല. "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്ക്കരിച്ചു വന്നു;നമസ്ക്കരിക്കേണ്ടുന്ന സ്ഥലം യെരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു" എന്നു സ്ത്രീ കർത്താവിനോടു പറഞ്ഞു. കർത്താവിന്റെ മറുപടി ശ്രദ്ധിക്കുക: "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു"(വാ.21). ആരാധന ഭൂമിയിലെ ഏതെങ്കിലുമൊരു പ്രത്യേക സ്ഥലത്തെ കേന്ദ്രമാക്കിയുള്ളതല്ല എന്നാണിതിന്റെ അർത്ഥം. മനുഷ്യനിർമ്മിതമായ ഒരു കെട്ടിടത്തോടുബന്ധിച്ചുള്ളതുമല്ല.

പഴയ നിയമത്തിലെ സമാഗമന കൂടാരവും ദൈവാലയവും ദൈവത്തിന്റെ കല്പനയാലാണു നിർമ്മിച്ചതെങ്കിലും, അവയുടെ ഉൽഘാടനവേളയിൽ ദൈവതേജസ്സ് വെളിപ്പെട്ടുവെങ്കിലും അവ രണ്ടും ഇന്നില്ല. അവ ദൈവപുത്രന്റെ നിഴലുകളും പ്രതിരൂപങ്ങളുമായിരുന്നു. (പുറ. 40:34; 1 രാജാ. 8:10,11; എബ്രാ. 9:22-28). കൂടാരത്തിലെ ആരാധനയുടെ കാലം കഴിഞ്ഞപ്പോൾ യെരുശലേമിലെ ആലയത്തിലായിരുന്നു ആരാധന.

ക്രിസ്തു അവതരിച്ചു മനുഷ്യരുടെയിടയിൽ പാർത്തപ്പോൾ കൂടാരത്തിന്റെ നിഴൽ പൊരുളായി മാറി (യോഹ. 1:14). അതുപോലെ "ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും" എന്നു കർത്താവു പറഞ്ഞപ്പോൾ ദൈവാലയത്തിന്റെ നിഴലും പൊരുളായിത്തീർന്നു (യോഹ. 2:18-21). പിന്നീടു പരീശന്മാരുടെ വിമർശനത്തിനു മറുപടി പറഞ്ഞപ്പോൾ "എന്നാൽ ദൈവാലയത്തേക്കാൾ വലിയവൻ ഇവിടെ ഉണ്ട്". (മത്താ. 12:6) എന്നും കർത്താവു പറഞ്ഞു. ദൈവത്തെ സമീപിക്കുന്നതിനു ദൈവം നിയമിച്ച മാർഗ്ഗമെന്ന നിലയിൽ ദൈവാലയം എന്തിനെയൊക്കെ പ്രതിനിധാനം ചെയ്തുവോ അതെല്ലാം തന്നിൽ നിറവേറിയിരിക്കുന്നു എന്നു സാരം. കർത്താവ് ഇന്നു നമ്മുടെ മഹാപുരോഹിതനും ദൈവം അംഗീകരിച്ച യാഗവുമാണ്.

കർത്താവു ക്രൂശിൽ നമ്മുടെ രക്ഷയ്ക്കാവശ്യമായ വേല മുഴുവൻ നിറവേറ്റിയപ്പോൾ ദൈവം ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി കീറിക്കളഞ്ഞു. ദൈവാലയവും ലേവ്യാ പൗരോഹിത്യവും നിഴലായ അതിന്റെ ജോലി ചെയ്തു കഴിഞ്ഞു എന്നും അതിനാൽ ക്രിസ്തു മൂലം അവയെ നീക്കുക്കളിഞ്ഞിരിക്കുന്നു എന്നും ദൈവം തെളിയിക്കയായിരുന്നു.

എബ്രായലേഖനം ഏഴു മുതൽ പത്തുവരെ അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം ഇതാണ്. ഈ അദ്ധ്യായങ്ങൾ അവധാനപൂർവം വായിച്ചു പഠിക്കുന്നതാണ് ക്രൈസ്തവ ലോകത്തിൽ ആരാധനാസ്ഥലങ്ങളെപ്പറ്റിയും പട്ടക്കാരുടെ ശുശ്രൂഷാ ക്രമത്തെക്കുറിച്ചും, സാക്രമെന്തുക്കളുടെ പ്രതിഷ്ഠയെക്കുറിച്ചും എന്നുവേണ്ട മാനുഷികമായ അനേക കർമ്മാചാരങ്ങളെപ്പറ്റിയുമുള്ള അനാചാരങ്ങളുടെ സ്വഭാവം മനസ്സിലാക്കാനുള്ള മാർഗ്ഗം. ഈ കൃപായുഗത്തിൽ ഇവയ്ക്കൊന്നും സ്ഥാനമില്ല.

**ആരാധന, സ്ഥലത്തെ ആശ്രയിച്ചല്ല ആത്മികനിലയെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു മഹാനഗരത്തിന്റെ മദ്ധ്യത്തിലോ അല്ലെങ്കിൽ ഒരു വിജനപ്രദേശത്തു വെച്ചോ കർത്താവിനെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം ഇന്നു വിശ്വാസിക്കുണ്ട്.** ആരാധനയ്ക്ക് ഇന്ന് ഒരു മാനുഷിക മദ്ധ്യസ്ഥൻ ആവശ്യമില്ല. സ്വർഗ്ഗത്തിൽ ജീവിക്കുന്ന നമ്മുടെ മഹാപുരോഹിതന്റെ അടുക്കലേക്കു നമുക്കു ധൈര്യമായി കടന്നു ചെല്ലാം. (എബ്രാ. 10: 19-22).

പഴയനിയമ കാലത്തെപ്പോലെ ദൈവം ഇന്ന് മനുഷ്യന്റെ കൈപ്പണിയായ കെട്ടിടത്തിൽ വസിക്കുന്നില്ല (അപ്പൊ. പ്ര. 17:24). ഇന്നു ദൈവജനമാണ് ദൈവത്തിന്റെ മന്ദിരം (എബ്രാ. 3:6). വിശ്വാസികൾ രണ്ടോ മൂന്നോ പേരായാലും എണ്ണത്തിൽ അധികമായാലും ഭൂമിയിൽ എവിടെയും കൂടി വന്ന് പിതാവിനെ ആരാധിപ്പാൻ സ്വാതന്ത്ര്യമുണ്ട്. (മത്താ. 18:20). വിശ്വാസിയുടെ ആരാധന സ്ഥലം മഹാപുരോഹിതനിരിക്കുന്ന സ്വർഗ്ഗമാണ്. വിശ്വാസത്താൽ അവിടെ പ്രവേശിച്ച് ക്രിസ്തുവിന്റെ വീണ്ടെടുപ്പുവേലയുടെയും പൗരോഹിത്യ ശുശ്രൂഷയുടെയും അടിസ്ഥാനത്തിൽ നാം ആരാധിക്കുന്നു.

## ആരാധനയുടെ സമയം

"സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു" (വാ. 23). നിയമിക്കപ്പെട്ട സമയങ്ങ

*ശേഷം 4-ാം പേജിൽ*

## ചിൽഡ്രൻസ് ക്ലബ്ബ്



# ടൈം ടേബിളും നിയമവും ഇല്ലാതെ!



**അ**തു ചെയ്യണം, ഇതു ചെയ്യണം, അതു ചെയ്യണം! സോണി പിറുപിറുത്തുകൊണ്ട് സൈക്കിൾ താഴോട്ടിട്ടു. എപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. "എഴുന്നേൽക്കാൻ സമയമായി, പല്ലുതേക്ക്, ബസ് വരാൻ സമയമായി, സ്കൂളിൽ ബെല്ലടിക്കാറായി... ഒരിക്കലെങ്കിലും എനിക്കിഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളതു ചെയ്യാൻ പറ്റിയിരുന്നെങ്കിൽ".
ഇതു കേട്ടു ഡാഡി സ്കൂട്ടർ തുടച്ചുകൊണ്ടിരുന്നിടത്തു നിന്ന് തലപൊക്കി നോക്കി. "സോണി യാതൊരു നിയമങ്ങളും സമയക്രമവും ഒന്നും ഇല്ലാതിരുന്നാൽ എങ്ങനെയിരിക്കും?'' "അത് ഉഗ്രൻ ഐഡിയ" സോണി മറുപടി പറഞ്ഞു. "എനിക്ക് തോന്നുന്നില്ല" ഡാഡി തുടർന്നു; ''ഒരു രസത്തിന് വേണ്ടി ചിന്തിച്ചു നോക്കിക്കേ. ഒരു ദിവസം രാവിലെ നമ്മൾ ഉണരുന്നു. ആർക്കു വേണമെങ്കിലും തോന്നിയത് എന്തും ചെയ്യാം. നീ എന്തു ചെയ്യും സോണി?" "അന്നു മുഴുവൻ ഞാൻ കാഴ്ചബംഗ്ലാവിൽ ചെലവഴിക്കും.'' സോണി പറഞ്ഞു. അപ്പോൾ ഡാഡി ചോദിച്ചു, "നീ എങ്ങനെ അവിടെ എത്തും?" ''ഡാഡി കൊണ്ടുപോകും.'' സോണിയുടെ മറുപടി. ''ശരി, പക്ഷേ ഓർക്കുക എനിക്കിഷ്ടമില്ലാത്തതൊന്നും ഞാനും ചെയ്യുകയില്ല." ഡാഡി പറഞ്ഞു. "എന്നാലും ഡാഡി എന്നെ കൊണ്ടുപോകുമായിരിക്കും.! പ്ലീസ്" സോണി പറഞ്ഞു. ''ശരി ഞാൻ സ്കൂട്ടറിൽ നിന്നെയും കൊണ്ട് പോകുകയാണെന്നിരിക്കട്ടെ. പക്ഷെ അവിടെ എത്തുമോയന്നറിയില്ല. നിയമം ഒന്നും ഇല്ലല്ലോ. ട്രാഫിക്ക് നിയമവും! ഓരോരുത്തർക്കും ഇഷ്ടമുള്ളതു പോലെ വണ്ടി ഓടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഇടിച്ച് ആകം കുഴപ്പമാകും." ഇത്രയും ഡാഡി പറഞ്ഞപ്പോൾ സോണി ഇടയ്ക്ക് കയറി പറഞ്ഞു. "മറ്റെല്ലാ നിയമങ്ങളും വേണ്ടെന്നുവെച്ചാലും ട്രാഫിക്ക് നിയമങ്ങൾ നമ്മൾ പാലിക്കണം.'' ഡാഡി തുടർന്നു. "ശരി ട്രാഫിക് നിയമം എല്ലാവരും പാലിച്ചു. നമ്മൾ കാഴ്ചബംഗ്ലാവിൽ എത്തി. പക്ഷെ അകത്ത് കയറാൻ പറ്റില്ല." അതിശയത്തോടെ സോണി ചോദിച്ചു. "അതെന്താ?" "സമയക്രമവും നിയമവും ഒന്നും ഇല്ലല്ലോ. ഗേറ്റിൽ നിൽക്കുന്ന അറ്റൻഡർ കൂടുതൽ ഉറങ്ങാൻ തീരുമാനിച്ചു!" ഇത്രയും ഡാഡി പറഞ്ഞപ്പോൾ സോണി "ആ ശരിയാ, നിയമവും സമയക്രമവും ടൈംടേബിളും ഒന്നും ഇല്ലെങ്കിൽ ആകെ കുഴപ്പമാകും അല്ലേ ഡാഡി?" "ശരിയാ മോനെ" ഡാഡി പറഞ്ഞു, ''ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ എല്ലാം ക്രമത്തിലാണ് ചെയ്തത്. പ്രപഞ്ചം ഒരു നിശ്ചിത നിയമവും സമയക്രമവുമനുസരിച്ചാണ് നടക്കുന്നത്. സൂര്യനു പോലും ഒരു സമയക്രമമുണ്ട്." ഡാഡി വാച്ച് നോക്കികൊണ്ട് "എന്റെ സമയക്രമമനുസരിച്ച് നാലു മണിയായി. ചായ കുടിക്കണം. ഇന്നൊരു സ്പെഷ്യൽ ഐറ്റം ഉണ്ടാക്കാമെന്ന് മമ്മീ പറഞ്ഞിരുന്നു." ഇതു കേൾക്കയും ചൂളമടിച്ചുകൊണ്ട് സോണി അടുക്കളയിലേക്ക് ഒറ്റയോട്ടം.! ഓടുന്നതിനിടയിൽ വിളിച്ചു പറഞ്ഞു."എല്ലാ സമയക്രമവും മോശമല്ല.!"

### നിങ്ങൾ എങ്ങനെയാണ്?

സമയക്രമവും ടൈംടേബിളും പാലിക്കാൻ പറയുമ്പോൾ പരാതി പെടാറുണ്ടോ? കാര്യങ്ങൾ മാറ്റി വയ്ക്കാറുണ്ടോ? എല്ലാവരോടും ചേർന്ന് നിയമങ്ങൾ അനുസരിക്കുമ്പോൾ വീട്ടിലും, സ്കൂളിലും ജീവിതം ഭംഗിയായും, നന്നായും പോകും. പരീക്ഷ കഴിയുമ്പോൾ അവധിക്കാലത്തേക്കും ഒരു ടൈംടേബിൾ ഉണ്ടാക്കുക. കളിക്കാനും, വായിക്കാനും പഠിക്കാനും പ്രയോജനമുള്ളത് പലതും ചെയ്യാനും. എന്താ റെഡിയാണോ!

**കാണാതെ പഠിക്കുക**

***സഭാപ്രസംഗി 8:5***

*കല്പന പ്രമാണിക്കുന്നവന് ഒരു ദോഷവും സംഭവിക്കയില്ല. ജ്ഞാനിയുടെ ഹൃദയം കാലത്തെയും ന്യായത്തെയും വിവേചിക്കുന്നു.*

***സഭാപ്രസംഗി 8:5***

# 'കേൾവി'കളോടുള്ള നമ്മുടെ പ്രതികരണം

കേട്ടുകേൾവികളുടെ പേരിൽ വാളെടുത്ത് സഹോദരന്മാരെ ഉന്മൂലനം ചെയ്യാൻ പടക്കിറങ്ങിയ യിസ്രായേൽ സഭയുടെ ചരിത്രം യോശുവ നമുക്ക് നല്കുന്നുണ്ട്. 'സഭയുടെ ഐക്യത്തിന്' വേണ്ടി അവർ കാണിച്ച 'അമിതാവേശം' ദൈവഹിത്തിൽ ആയിരുന്നില്ല എന്ന് മാത്രം.

"ഈ കാലമൊക്കെയും സഹോദരന്മാരെ വിട്ട് പിരിയാതെ തങ്ങളുടെ ദൈവമായ യഹോവയുടെ കല്പന പ്രമാണിച്ച് നടന്നതെന്ന് ജനം എല്ലാം സമ്മതിച്ചവർക്ക് എതിരേയാണ് ഈ പടപ്പുറപ്പാട് എന്നത് വിചിത്രമാണ്. (യോശുവ 22:4)! യഹോവയുടെ ദാസനായ മോശെ തങ്ങൾക്ക് നല്കിയ യോർദ്ദാനക്കരെയുള്ള ദേശത്ത് സ്വസ്ഥമായി താമസം ഉറപ്പിക്കുന്നതിന് മുമ്പു തന്നെ, രൂബേന്യരും, ഗദ്യരും മനശ്ശെയുടെ പാതിഗോത്രവും അവരിൽ ''യുദ്ധപ്രാപ്തന്മാർ ആയവർ ഒക്കെയും സന്നദ്ധരായി" തങ്ങളുടെ "സഹോദരന്മാർക്ക് മുമ്പായി കടന്നുചെന്ന്", "യഹോവ അവർക്ക് കൊടുക്കുന്ന ദേശം അവർ കൈവശം ആക്കുകയും ചെയ്യുവോളം അവരെ സഹായിച്ചവരാണ്. യിസ്രായേൽ അന്ന് നേരിട്ട എല്ലാ യുദ്ധങ്ങൾക്കും മുൻപന്തിയിൽ നെഞ്ച് വിരിച്ച് നിന്ന് പൊരുതിയ ധീരന്മാരാണവർ. ഈ ധീരയോദ്ധാക്കൾക്ക് എതിരേയാണ് ജനം പടക്ക് പുറപ്പെടുവാൻ ഒരുങ്ങിയിരിക്കുന്നത്!!

പ്രശ്നം എന്താണ്? ആരോ പറഞ്ഞ് കേട്ട് (പറഞ്ഞ ആളിന്റെ പേരു പോലും ചരിത്രത്തിലില്ല) ഒരു കേൾവിയുടെ അടിസ്ഥാനത്തിലാണ് ഈ അതിശയോക്തമായ നടപടി. രുബേന്യരും ഗാദ്യരും മനശ്ശെയുടെ പാതി ഗോത്രവും കനാൻ ദേശത്തിന്റെ കിഴക്ക് പുറത്ത് യോർദ്ദാന്യ പ്രദേശങ്ങളിൽ യിസ്രായേൽ മക്കൾക്ക് എതിരെ ഇതാ, ഒരു യാഗപീഠം പണിതിരിക്കുന്നു എന്ന് യിസ്രായേൽ മക്കൾ കേട്ടു" (യോശുവ 22:11) യിസ്രായേൽ സഭ വിഭജിക്കപ്പെടരുത് എന്ന അതി മഹത്തായ വികാരം സിരകളിൽ തിളച്ച് മറിഞ്ഞപ്പോൾ, സ്വന്തം 'സ്വസ്ഥത' പോലും മാറ്റിവെച്ച് പടക്ക് പുറപ്പെടാൻ അവർ തയ്യാറായി. തികച്ചും സ്വാഭാവിക വികാരമാണത്!!

പക്ഷെ, വാളെടുക്കുന്നതിന് മുമ്പ്, തങ്ങൾ കേട്ട് 'കേൾവി'യിൽ എത്രമാത്രം സത്യം ഉണ്ടെന്ന് കണ്ടെത്താൻ അവർ ശ്രമിച്ചില്ല വാസ്തവത്തിൽ, ആ കേൾവിയിലെ പകുതി കാര്യം സത്യവും, പകുതി തീർത്തും അസത്യവും ആയിരുന്നു! 'മറ്റൊരു യാഗപീഠം അവർ പണിതു.' എന്ന കേൾവി വാസ്തവമായിരുന്നു. പക്ഷേ അത് യിസ്രായേൽ മക്കൾക്ക് എതിരെ ആയിരുന്നു എന്ന കേൾവി തീർത്തും അസത്യമായിരുന്നു.

വാളെടുക്കുന്നതിനു മുമ്പ്, പുരോഹിതനായ എലെയാസറിന്റെ മകനായ ഫിനെഹാസിന് പോലും, ദൈവത്തോട് ഇക്കാര്യത്തെക്കുറിച്ച് ഒരു വാക്ക് ചോദിക്കാൻ തോന്നിയില്ല. ദൈവവുമായി ബന്ധപ്പെടുവാൻ അവർ ഉപയോഗിച്ചിരുന്ന ഊറീമും തുമ്മീമും ഇതിനകം പൊടി പിടിച്ചിരുന്നിരിക്കണം. (യോശുവ 22:13-20). ദൈവത്തിന് വേണ്ടിയുള്ള 'എരിവിൽ', ദൈവഹിതം തന്നെ 'എരിയുന്നത്' അവർ കാണുന്നില്ല!

വാളെടുക്കുന്നതിന് മുമ്പ്, ആക്രമിക്കപ്പെടുവാൻ പോകുന്ന വ്യക്തികളോട് (അവർ തങ്ങൾക്കുവേണ്ടി സ്വന്തം ജീവനെ പണയം വെച്ചവരാണെന്ന് പോലും ഓർക്കാതെ!) തങ്ങൾ കേട്ട 'കേൾവി' ശരിയാണോ എന്ന് അന്വേഷിക്കാനുള്ള ലോക മനുഷ്യരുടെ സാമാന്യ മര്യാദ പോലും യിസ്രായേൽ കാണിച്ചില്ല! പകരം അവർക്ക് 'അന്ത്യശാസനം' നല്കാൻ, ഫിനെഹാസിന്റെ നേതൃത്വത്തിൽ ഒരു 'നേതൃസംഘത്തെ' അയക്കുകയാണവർ - യോശു 22:13-20.

### ഇവിടെ നാം അറിഞ്ഞിരിക്കേണ്ട മൂന്ന് സത്യങ്ങൾ ഉണ്ട്

1. സമചിത്തത കൈവിടാതെ ഫിനെഹാസിന്റെ നേതൃത്വത്തിൽ വന്ന 'അന്ത്യശാസക സംഘ'ത്തോട് കാര്യങ്ങൾ വിശദീകരിക്കുന്ന രൂബേന്യരും, ഗാദ്യരും, മനശ്ശെയുടെ പാതിഗോത്രവും നമുക്ക് പ്രചോദനം നല്കട്ടെ! യോശുവ 22:21 -29 'സഭയുടെ ഭിന്നിപ്പാണ് പുതിയ യാഗപീഠം' എന്ന ക്രൂരമായ ആരോപണത്തിന് 'സഭയുടെ ഒന്നിപ്പിനാണ് പുതിയ യാഗപീഠം' എന്ന സൗമ്യമായ മറുപടി, ഫലം കണ്ടു! സ്നേഹത്തിൽ, സത്യം സംസാരിക്കുക തന്നെ വേണം. കപട സമാധാനത്തിന്റെ പേരിൽ സത്യം മറച്ചു വെക്കുന്ന പ്രവൃത്തിയിൽ സത്യവും, സ്നേഹവും ഇല്ല എന്നത് നാം മനസിലാക്കണം.

2. വാസ്തവം എന്തെന്ന് വിശദീകരിക്കപ്പെടുമ്പോൾ, മുൻവിധികളെ മാറ്റിവെച്ച്, ക്ഷമയോടെ അത് കേൾക്കാൻ ഫിനെഹാസും സംഘവും കാണിച്ച താഴ്മയും, പക്വതയും അനുകരണീയമാണ് - യോശുവ 22:30! തങ്ങൾ കേട്ട 'കേൾവിയും', 'തെളിവുകളും' ഒരിക്കലും തെറ്റുകയില്ല എന്ന് അവർ ശഠിച്ചില്ല! മറിച്ച്, മടങ്ങിച്ചെന്ന് വാളെടുത്ത് നില്ക്കുന്ന ജനത്തെ ശാന്തരാക്കുന്ന ഇവരാണ് യഥാർത്ഥ നേതാക്കന്മാർ! തങ്ങൾക്ക് തെറ്റ് പറ്റിയെന്ന് പറയാൻ അവർക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല! യിസ്രായേൽ മക്കൾക്ക് ആ കാര്യം സന്തോഷമായി അവർ ദൈവത്തെ സ്തുതിച്ചു. (ബരാക്ക് എന്ന ഗ്രീക്ക് പദത്തിന് മുട്ടുകുത്തി ആരാധനാത്മകമായ ഭാവം പ്രകടിപ്പിച്ച എന്നാണർത്ഥം - Kneel as an act of Adoration) യോശുവ 22:33.

3. നാം നിത്യേന കേൾക്കുന്ന വിവിധ 'കേൾവികളോട്' എങ്ങനെ 'പ്രതികരിക്കരുത്' എന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. അപ്പോസ്തല പ്രവൃത്തികളിലും സമാനമായ ഒരു സംഭവം നാം കാണുന്നുണ്ട് - "ജനസംഘം കലക്കത്തിലായി. മിക്കപേരും തങ്ങൾ വന്നു കൂടിയ സംഗതി എന്തെന്ന് അറിയായ്കയാൽ ചിലർ ഇങ്ങനെയും ചിലർ അങ്ങനെയും ആർത്തു" - അ.പ്ര. 19:32. ഇങ്ങിനെയുള്ള വികാരതള്ളിച്ചകൾ മൂലം ഉണ്ടാകുന്ന യുദ്ധപ്രഖ്യാപനങ്ങളിൽ നിന്നും ഒരല്പം മാറിനിന്ന് സത്യം എന്തെന്ന് വേദപുസ്തകത്തിൽ പരിശോധിക്കുകയാണ് നാം ചെയ്യേണ്ടത്. സ്വന്തകാര്യ സാധ്യത്തിനായി വെറും വികാരങ്ങൾ ഇളക്കിവിടുന്ന ദെമത്രിയോസുമാരുടെ വലകൾ നാം ശ്രദ്ധിക്കണം (അ.പ്ര.19:23-41). കുറഞ്ഞപക്ഷം, "ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്ന് വരികിൽ അത് നശിച്ചു പോകും; ദൈവീകം എങ്കിലോ നിങ്ങൾക്ക് അത് നശിപ്പിപ്പാൻ കഴികയില്ല. നിങ്ങൾ ദൈവത്തോട് പോരാടുന്നു എന്ന് വരരുതല്ലോ എന്ന ഗമാലിയേലിന്റെ ആലോചനയെങ്കിലും നമുക്ക് മാർഗ്ഗനിർദ്ദേശം ആയിരിക്കട്ടെ.

- കൺസൽറ്റന്റ് എഡിറ്റർ.

വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും - Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ - Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് - കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ - വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ - തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് - ഷോംബെ പുത്തൂരാൻ**
**പബ്ലിഷർ & മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് - ടെൻസൻ ജോസഫ്.**

നിയമവും നമ്മളും

# 'ഒരു പേരിലെന്തിരിക്കുന്നു'

ഷേക്സ്പീയർ പറഞ്ഞു "ഒരു പേരിലെന്തിരിക്കുന്നു'' എന്ന്. ഷേക്സ്പീയറുടെ കാലത്ത് അത് ശരിയായിരിക്കാം. എന്നാൽ ഇന്ന് പേരിന് വളരെ പ്രസക്തിയുണ്ട്.

പേരുപുരാണം പറയുമ്പോൾ പ്രശ്നം ആരംഭിക്കുന്നത് അതത് വ്യക്തികളുടെ പേരോ അല്ലെങ്കിൽ മാതാപിതാക്കളുടെ പേരോ ആകാം. ഒരു കുഞ്ഞു ജനിക്കുമ്പോൾ ആശുപത്രിയിൽ കൂട്ടിനു നിൽക്കുന്ന ആരെങ്കിലുമായിരിക്കും ആശുപ്രതി അധികൃതർക്ക് കുഞ്ഞിന്റെ പേരും മാതാപിതാക്കളുടെ പേരും മേൽവിലാസവും പറഞ്ഞു കൊടുക്കുന്നത്. പലപ്പോഴും കുഞ്ഞിന്റെ പേര് തീരുമാനിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആൺകുഞ്ഞെന്നോ പെൺകുഞ്ഞെന്നോ രേഖപ്പെടുത്തകയാണ് പതിവ്. പഞ്ചായത്തിൽ നിന്നോ മുനിസിപ്പാലിറ്റിയിൽ നിന്നോ ജനനസർട്ടിഫിക്കറ്റ് വാങ്ങുമ്പോൾ കുഞ്ഞിന്റെ യഥാർത്ഥ പേര് ഉൾപ്പെടുത്തി ജനനസർട്ടിഫിക്കറ്റ് വാങ്ങുവാൻ നിയമമുണ്ട്. എന്നാൽ പലപ്പോഴും കുഞ്ഞിനു തന്നെയോ മറ്റുള്ളവർക്കോ പേരിനെക്കുറിച്ച് വീണ്ടുവിചാരം ഉണ്ടാകുകയും കൂടുതൽ നല്ല പേരിടാൻ ആഗ്രഹം തോന്നാറുമുണ്ട്. ചിലപ്പോൾ സ്കൂളിൽ ചേർക്കുമ്പോൾ പേര് വ്യത്യാസം വരുത്തി ചേർത്ത് എന്നും വരാം. എന്നാൽ ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പേര് വ്യത്യാസപ്പെടുത്താൻ യാതൊരു വകുപ്പമില്ല. വേണമെങ്കിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്ത് പേര് മാറ്റാമെങ്കിലും ജനന സർട്ടിഫിക്കറ്റിലെ പേര് അതുപോലെ തുടരും. അങ്ങനെയുള്ളവർ പേരിനെ സംബന്ധിച്ച രേഖകൾ നൽകുന്നിടത്ത് രണ്ട് രേഖകളും സമർപ്പിക്കേണ്ടിവരും.

ഇതിലും വലിയ പ്രശ്നമാണ് പിതാവിന്റെ പേര് തെറ്റായിപറഞ്ഞു കൊടുക്കുന്നത്. അനേകർക്ക് ഇങ്ങനെയുള്ള അബദ്ധം സാധാരണ സംഭവിക്കാറുണ്ട്. ചിലപ്പോൾ ആശുപത്രിയിൽ കൂടെ നില്ക്കുന്നവർ കുഞ്ഞിന്റെ പിതാവിന്റെ വിളിപേർ (വീട്ടിലെ പേർ) ആശുപത്രിയിൽ കൊടുക്കുന്നതുകൊണ്ടും, അല്ലെങ്കിൽ പിതാവിന്റെ മുഴുവൻ പേരും പറഞ്ഞു കൊടുക്കാത്തതുകൊണ്ടും ഈ പ്രശ്നം ഉണ്ടാകുന്നു. പിന്നീട് കുഞ്ഞിനെ സ്കൂളിൽ ചേർക്കുമ്പോൾ പിതാവിന്റെ ഔദ്യോഗിക പേര് കൊടുക്കുകയും അത് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വരികയും ചെയ്യും. ഇതിൽ രേഖപ്പെടുത്തിയ പേര് പിന്നീട് വ്യതിയാനം വരുത്തുവാൻ നിയമപരമായി വ്യവസ്ഥയില്ല.

**എപ്പോഴാണ് പ്രശ്നം വരുന്നത്?**

ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ വിസക്ക് അപേക്ഷിക്കുമ്പോൾ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിവരും. വ്യക്തിയുടെ പേരോ, മാതാപിതാക്കളുടെ പേരോ സമർപ്പിക്കുന്ന ജനന സർട്ടിഫിക്കറ്റിലും എസ്.എസ്.എൽ.സി. ബുക്കിലും, പാസ്പോർട്ടിലും വ്യത്യാസം വന്നാൽ വിസ നിഷേധിക്കപ്പെടും. ഒരു പക്ഷെ വിദേശത്ത് പോകുവാനുള്ള അവസരം നഷ്ടപ്പെട്ടേക്കാം.

**എന്താണ് പ്രതിവിധി**

1. കുഞ്ഞ് ജനിക്കുമ്പോൾ കൃത്യമായ പേരു വിവരം നൽകാൻ കൂടെ നിൽക്കുന്നവർക്ക് നിർദ്ദേശം നൽകിയിരിക്കണം.
2. ആൺകുഞ്ഞാണെങ്കിൽ എന്ത് പേരിടണമെന്നും, അല്ല പെൺകുഞ്ഞെണെങ്കിൽ എന്ത് പേരിടണമെന്നും നേരത്തെ മതാപിതാക്കൾ തീരുമാനിക്കുന്നത് നല്ലതാണ്. കുറഞ്ഞപക്ഷം ജനിച്ചാലുടനെയെങ്കിലും.
3. പഞ്ചായത്ത്/മുൻസിപ്പാലിറ്റി രേഖകൾ അടിസ്ഥാന രേഖകളായതു കൊണ്ട് പിന്നീടുള്ള രേഖകളിലെല്ലാം ആ പേരുതന്നെ നൽകണം.
4. ഇതിനോട് ബന്ധപ്പെട്ടു ഏതു രേഖകളും കൈയ്യിൽ കിട്ടിയാൽ അതിലുള്ള വിവരങ്ങൾ ശരിയാണോ എന്ന് ഉറപ്പ് വരുത്തണം. ഗുമസ്ഥ പിശകു കൊണ്ടുണ്ടാകുന്ന തെറ്റുകൾ ഉടനെ തിരുത്തി വാങ്ങണം.

ഒരർത്ഥത്തിൽ "പേരിൽ വലിയ കാര്യമൊന്നുമില്ല" എന്ന് ഷേക്സ്പീയർ പറഞ്ഞത് ശരിയായിരിക്കാം. എന്നാൽ പേരിന് അലങ്കാരം കൂട്ടുവാൻ ശ്രമിച്ച് ഉറക്കം നഷ്ടപ്പെടുത്താതിരിക്കുന്നതാണ് നല്ലത്!

*– ജെയിംസ് വർഗ്ഗീസ്, തിരുവനന്തപുരം.*

ആരോഗ്യ രംഗം

## കാർബൺ മോണോക്സൈഡ്

# വിഷബാധ

ഡോ. ജോൺ ജോർജ്ജ് ടി.
MD, FSAMSM, FAIMS, DSASMS, D.P.
ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട്.

കാർബൺ മോണോക്സൈഡ് അത്യന്തം മാരകമായ വിഷവാതകമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളും മറ്റ് വസ്തുക്കളും പൂർണ്ണമായി കത്തിത്തീരാതിരിക്കുമ്പോഴാണ് ഈ വാതകം ഉണ്ടാകുന്നത്. ഇതിന് നിറമില്ല, മണമില്ല, രുചിയില്ല. ശരീരത്തിന് പുറത്ത് ഇത് ഒരു അസ്വസ്ഥതയും ഉണ്ടാക്കുന്നില്ല. അതു തന്നെയാണിതിന്റെ അപകടവും. ഇത് അബദ്ധവശാൽ നമ്മൾ ശ്വസിക്കാനിടയായാൽ നമ്മൾ അറിയുക പോലുമില്ല. അതുകാരണം ധാരാളം പുക വമിക്കുന്ന വാഹനങ്ങളുടെ പുറകേ പോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. സിഗററ്റ് പുകയിലും, പ്രത്യേകിച്ച് സിഗററ്റിന്റെ കടലാസ് കത്തിയുള്ള പുകയിലും ഇതു ധാരാളമുണ്ട്. അതുകൊണ്ട് പുകവലിക്കാരെ ഒഴിവാക്കുക.

ഇതിന് രക്തത്തിലെ ഹീമോഗ്ലോബിനോട് വലിയ ആകർഷണമാണ്. സാധാരണ ഗതിയിൽ ഓക്സിജനാണ് ഹീമോഗ്ലോബിനോട് ചേർന്ന് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേർന്ന് ആവശ്യങ്ങൾ നിർവ്വഹിക്കുന്നത്. എന്നാൽ കാർബൺ മോണോക്സൈഡിന് ഹീമോഗ്ലോബിനോട് ഓക്സിജനെക്കാൾ 200 മടങ്ങ് ആകർഷണം ഉള്ളതിനാൽ ഈ വാതകം ഓക്സിജനെ പുറന്തള്ളി ഹീമോഗ്ലോബിനോട് ചേരുകയും ഓക്സിഹീമോഗ്ലോബിന് പകരം കാർബോക്സി ഹീമോഗ്ലോബിൻ ഉണ്ടാകുകയും ചെയ്യുന്നു. അങ്ങനെ അവയവങ്ങൾക്കും കലകൾക്കും (tissues) ഓക്സിജൻ കിട്ടാതെ വരുന്നു.

അസുഖ ലക്ഷണങ്ങൾ – ഈ വാതകം ഓക്സിജന്റെ കുറവു മൂലം കലകളിലും അവയവങ്ങളിലും നാശം ഉണ്ടാക്കുന്നു. ഏറ്റവും കൂടുതൽ ക്ഷതം സംഭവിക്കുന്നത് തലച്ചോറിനും ഹൃദയത്തിനുമാണ്. ഈ അവയവങ്ങൾക്കാണ് ഏറ്റവും കൂടുതൽ ഓക്സിജൻ വേണ്ടത്. തലവേദന, ക്ഷീണം, മനംമറിക്കൽ, ഛർദ്ദി, മാനസിക വിഭ്രാന്തി, നെഞ്ചുവേദന, ശ്വാസം മുട്ട്, നെഞ്ചിടിപ്പ്, കാഴ്ചയ്ക്ക് തകരാറുകൾ, പെട്ടെന്ന് ബോധംകെട്ടു വീഴൽ, വേഗതയിലുള്ള ശ്വസനം, നീണ്ടു നില്ക്കുന്ന ബോധക്കേട്, കോട്ട് മുതലായവയാണ് പ്രധാന ലക്ഷണങ്ങൾ. ഹൃദയത്തിന്റെയും ശ്വസനത്തിന്റെയും പ്രവർത്തനങ്ങൾ തകരാറിലായി മരണം വരെ സംഭവിക്കാം.

കലകൾക്ക് ക്ഷതം സംഭവിക്കുന്നത് എത്ര അളവിലും എത്രനേരവും ഓക്സിജൻ കുറവായി ലഭിച്ചു എന്നതിനെ ആശ്രയിച്ചിരിക്കും. മരിച്ചു പോകുന്നവരിൽ തൊലിയ്ക്കും mucous membranes നും Cherry-red നിറമായിരിക്കും. ഇത് പോസ്റ്റുമാർട്ടം സമയത്ത് കാണുന്നതാണ്.

**ചികിത്സ**–ഏറ്റവും ആദ്യം ചെയ്യേണ്ടത് 100% ഓക്സിജൻ ശ്വസിക്കാൻ കൊടുക്കുക എന്നതാണ്. രോഗിയുടെ മുഖത്ത് നല്ലപോലെ ഒട്ടിച്ചേർന്നിരിക്കുന്ന മുഖാവരണം ഉപയോഗിച്ച് ഹൈഫ്ളോ ഓക്സിജൻ കൊടുക്കണം. അന്തരീക്ഷ വായു ശ്വസിക്കാൻ ഇടയാകരുത്. രോഗിക്ക് ബോധമില്ലെങ്കിലോ കാർബി ബോക്സി ഹിമോഗ്ലോബിൻ അളവ് 40%ൽ ഏറെയാണെങ്കിലോ ഹൈപ്പർ ബാറിക്ക് ഓക്സിജൻ കൊടുക്കണം. വളരെ ഗുരുതരമായ കേസുകളിൽ ഇന്റുബേഷനും, വെന്റിലേഷനും വേണ്ടി വന്നേക്കും. ഹൃദയ പ്രവർത്തനം തുടർച്ചയായി നിരീക്ഷിക്കണം. (Cardiac monitoring) ഹൃദയതാളം തെറ്റുന്നെങ്കിൽ (Arrhythmias) ഉടനെ അത് തിരുത്തണം. Acid-base സന്തുലിതാവസ്ഥ നിലനിർത്തണം. സോഡിയം, പൊട്ടാസ്യം മുതലായവ electrylytesന്റെ അളവ് സ്ഥിരമായി സാധാരണ നിലയിൽ നിറുത്തണം. തലച്ചോറിലേക്കുള്ള ഓക്സിജൻ കുറഞ്ഞാൽ Cerebral Oedema വരും. അത് മാനിറ്റേറൾ, Dexona മുതലായവ കുത്തിവെപ്പുകൾ കൊണ്ട് ചികിത്സിക്കണം. Rhabdomyolysis ഉണ്ടാകുന്നുണ്ടോ എന്നറിയാൻ രക്തത്തിലെ Creatinine phosphokinaseലെ അളവും മൂത്രത്തിലെ Myoglobin അളവും തുടർച്ചയായി നോക്കണം. Rhabdomyolysis വന്നുകഴിഞ്ഞാൽ മൂത്രത്തിന്റെ അളവ് മണിക്കൂറിൽ 50 മില്ലി. എന്ന് നിജപ്പെടുത്തണം.

വൃക്കകളെ സംരക്ഷിക്കാൻ ഇത് അത്യാവശ്യമാണ്. എത്രയും പെട്ടെന്ന് ചികിത്സ കൊടുക്കുന്നുവോ അത്രയ്ക്ക് സാധ്യതകളാവും ജീവൻ രക്ഷിച്ചെടുക്കുവാൻ.

# ആൻഡമാൻ നിക്കോബാർ..

*1-ാം പേജിൽ നിന്ന് തുടർച്ച*

രിക്കുന്നു. പുറംലോകവുമായി ഒരു ബന്ധവുമില്ലാതിരുന്ന ഉപദ്രവകാരികളായ ജാരാവാസ് ഇന്ന് പരിഷ്കൃത സമൂഹവുമായി അടുത്തു വരുന്നു. ലോകത്തിലെ തന്നെ അതിമനോഹരമായ ബീച്ചുകളിലൊന്ന് എന്ന് ടൈംസ് ഓഫ് ഇന്ത്യ വിശേഷിപ്പിച്ച കടൽത്തീരം ഹെവൻലോക് ഐലന്റിലാണ്. പോർട്ട് ബ്ലെയറിൽ നിന്ന് രണ്ടര മണിക്കൂർ കപ്പൽയാത്ര ചെയ്താൽ അവിടെയെത്താം. ബംഗാളികളുടെ പ്രധാന കേന്ദ്രമാണിത്. ഇവിടെ നമ്മുടെ പ്രവർത്തനങ്ങളില്ല. കടലിനടിയിലേക്ക് ഊളിയിട്ട് കാണാവുന്ന കടൽപുറ്റുകൾ ഉള്ള നോർത്ത് ലേ ദ്വീപും, ലൈംസ്റ്റോൺ കേവും ബ്രിട്ടീഷ്, ജപ്പാൻ ആധിപത്യത്തിന്റെ അവശിഷ്ടങ്ങൾ കാണാവുന്ന റോസ് ഐലന്റും ലോക പ്രസിദ്ധമായ സെല്ലുലാർ ജയിലും അത്യാകർഷകങ്ങളാണ്. വർഗ്ഗീയ എതിർപ്പുകളൊന്നും ഇതുവരെ തലപൊക്കിയിട്ടില്ല. സുവിശേഷത്തിനായി വാതിൽ തുറന്നിട്ടിരിക്കുന്നു. ഹിന്ദി, ബംഗാളി, മലയാളം, തമിഴ്, തെലുങ്ക്, പഞ്ചാബി, നിക്കോബാറി.. ഭാഷകൾ സംസാരിക്കുന്ന ഹിന്ദുക്കൾ, മുസ്ലീംങ്ങൾ, ക്രിസ്ത്യാനികൾ.... എല്ലാവരും ഇവിടെയുണ്ട്. ആൻഡമാൻ ദ്വീപു സമൂഹങ്ങൾ നമ്മുടെ പ്രാർത്ഥന അർഹിക്കുന്നു.

*സ്പെഷ്യൽ റിപ്പോർട്ട്*
*-ബാബു ജോൺ*


## ഔവർ വിഷൻ പ്രസിദ്ധീകരണങ്ങൾ












ഉടൻ പ്രസിദ്ധീകരിക്കുന്നു
ഏറ്റവും പുതിയ പുസ്തകം

## ആരാധനാ രഹസ്യങ്ങൾ

പ്രധാന എഴുത്തുകാർ
ജെയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ചാക്കോ

പ്രമുഖ സഹോദരൻമാരുടെ അഭിപ്രായങ്ങൾ! കർത്തൃദാസൻമാരായ എ.പി. ഗിബ്സ്, വൈ. എസക്കീയേൽ തുടങ്ങിയവരുടെ പുസ്തകങ്ങളിൽനിന്നുള്ള സുപ്രധാന ഉദ്ധരണികൾ !

**പുസ്തക ശാലയ്ക്കും 10 പുസ്തകങ്ങളിൽ കൂടുതൽ വാങ്ങുന്നവർക്കും ഡിസ്ക്കൗണ്ട്!**

**അനവധി പുതുമകളോടെ ! കോപ്പികൾ ഉടൻ ബുക്ക് ചെയ്യുക!**

*കൂടുതൽ വിവരങ്ങൾക്ക്*
**Our Vision**, MRA 19A, Madathuvila Lane, Medical College PO
Trivandrum - 695 011. Phone : 9447341237, 9447414222


## പുസ്തകരചന

ക്രൈസ്തവ സഭാചരിത്രത്തിലെ സംഭവ വികാസങ്ങൾ എന്നൊരു പുസ്തക രചനയിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ ക്രൈസ്തവ സഭയിൽ ഉണ്ടായിട്ടുള്ള പ്രത്യേകസംഭവങ്ങൾ ഈ പുസ് തകത്തിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നതുകൊണ്ട് അവ അയച്ചുതരണമെന്നഭ്യർത്ഥിക്കുന്നു. Evg. T.E. Easow, 'Bethel' No. 12, 1st Main Road, Selaiyur P.O., Chennai - 600073.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 755 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'1" ഉയരം. MCA ചെന്നൈയിൽ ജോലി.

**RM No : 756 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3" ഉയരം. BBM ബാംഗ്ലൂരിൽ ജോലി.

**RM No : 757 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'1" ഉയരം. MSW.

**RM No : 758 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'1" ഉയരം. B.Sc. നേഴ്സ്, അയർലന്റിൽ ജോലി. മെയ് മാസം നാട്ടിൽ വരുന്നു.

**RM No : 759 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'1" ഉയരം. Homoeo Doctor (BHMS).

**RM No : 760 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2" ഉയരം. M.Sc. Bio Informatics, BCA.

**RM No : 761 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 29 വയസ്സ് 5'2" ഉയരം. B.Sc, NIIT Dip. ഗൾഫിൽ ജോലി.

**RM No : 762 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'1" ഉയരം. M.Sc, B.Ed. (Physics) ജോലി ഉണ്ട്.

**RM No : 763 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'4" ഉയരം. ബാംഗ്ലൂരിൽ ജോലി.

**RM No : 764 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'4" ഉയരം. B.Sc, MSW.

**RM No : 765 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5'2"ഉയരം. Lab Technician. പ്രൈവറ്റ് ആശുപത്രിയിൽ ജോലി

**RM No : 766 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5' ഉയരം. Gen. Nurse, ജോലിയുണ്ട്.

**RM No : 767 -** Born again baptized brethren girl 30years BTH, working in a school in West Bengal.

**RM No : 768 -** Born again baptized brethren girl 24/5'5" B.Sc. MLT, working in a Private Hospital.

### WANTED BRIDE

**RM No : 769 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'11" ഉയരം. MBA.മഹാരാഷ്ട്രയിൽ സ്വന്തമായി ബിസിനസ്സ്.

**RM No : 770 -** Born again baptized brethren boy 33/5'9" B.Tech (Electronics) Self Employed. Takes medicine for light mental disorder.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വൈ.എം.ഇ.എഫ്.

വൈ.എം.ഇ.എഫ്. കണ്ണൂർ യൂണിറ്റ് സുവിശേഷ ക്യാമ്പ് പിലാത്തറ സഭയിൽ വെച്ച് മാർച്ച് 25 മുതൽ 27വര നടക്കുന്നു. ഭവനസന്ദർശനം, പരസ്യയോഗം, ബൈബിൾ ക്ലാസ് എന്നിവ നടക്കും. – സെക്രട്ടറി – ഷാജി മാത്യു, മീന്തുള്ളി.

## സുവിശേഷ മഹായോഗം

തൃശൂർ സുവിശേഷ മഹായോഗം മാർച്ച് 16 ഞായർ മുതൽ 23 ഞായർ വരെ നടക്കുന്നു. എല്ലാ ദിവസവും വൈകിട്ട് സുവിശേഷ യോഗങ്ങളും തിങ്കൾ മുതൽ ശനി വരെ 6 ദിവസങ്ങൾ രാവിലെ തോറും ബൈബിൾ ക്ലാസ്സുകളും ഉണ്ടായിരിക്കണം.

## സോദരി ഭവൻ – കൊല്ലം

എല്ലാ വർഷവും നടത്തിവരുന്ന മൂന്ന് ആഴ്ചത്തെ ബൈബിൾ സ്കൂൾ ഏപ്രിൽ 5–26 വരെയും സിസ്റ്റേഴ്സ് കോൺഫറൻസ് ഏപ്രിൽ 28 മുതൽ 30 വരെയും നടക്കുന്നു.–ജോയിസ് മാത്യു (സെക്രട്ടറി)

## പുതിയ വിലാസം

മോറദാബാദിലെ സുവിശേഷകൻ ജയ്സൻ സാമുവേലിന്റെ പുതിയ വിലാസം – Jaison Samuel, C/o. Gospal Singae - 133, M-MIG, Himgiri Colony, Harthala, Sonakpur PO, Moradabad, U.P. 244001. Ph : 09897338294.

## എസ്.ബി.എസ്.

സുവിശേഷകൻ ബാലസംഘം കണ്ണൂർ സെന്റർ മിനിക്യാമ്പ് മീന്തുള്ളി സഭാഹാളിൽ ഏപ്രിൽ 14 തിങ്കൾ രാവിലെ 10 മുതൽ 16 ബുധൻ രാത്രി വരെ നടക്കുന്നു. ക്യാമ്പ് തീം 'മനസ്സ് പുതുക്കി രൂപാന്തരപ്പെടുക' – റ്റി.സി. രാജൻ, സന്തോഷ് ഗിൽബർട്ട്.

സുവിശേഷകൻ ബാലസംഘം തിരുവനന്തപുരം സെന്റർ മിനി ക്യാമ്പ് ഏപ്രിൽ 1 മുതൽ 5 വരെ തിരുവനന്തപുരത്ത് നടക്കുന്നു. സെക്രട്ടറി – സി. സത്യദാസ്.

## പുതിയ പുസ്തകം

ക്രിസ്തുവിന്റെ ഏഴ് മരണമൊഴികൾ – പി.ജെ. ആന്റണി, വിലാസം PO Box 1805, Eranhipalam, Kozhikode - 673006.

## നമുക്കു ചുറ്റും

### പുസ്തകാഭിപ്രായം

***ഹാരി പോട്ടർ – ചെകുത്താന്റെ ചൂണ്ടകൊളുത്തുകൾ*** കുട്ടികളും മാതാപിതാക്കളും അത്യാവശ്യം വായിച്ചിരിക്കേണ്ട ഈ പുസ്തകം ജോർജ്ജ് കോശി (മൈലപ്ര) രചിച്ചതാണ്. വില 20 രൂപ. ഔവർ വിഷനാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

## നിത്യതയിൽ



എറണാകുളം നോർത്ത് ബ്രദറൻ സഭാംഗം പുളിക്കൻ കുഞ്ഞമ്മ സൈമൺ (87) മാർച്ച് 3–ാം തീയതി മഹത്വത്തിലേക്ക് പ്രവേശിച്ചു. 4–ാം തീയതി നോർത്ത് ബ്രദ്റൻ സഭാ സിമിത്തേരിയിൽ ഭൗതിക ശരീരം സംസ്കരിച്ചു.

# ആരാധനാസ്ഥലം, സമയം...

*2–ാം പേജിൽ നിന്ന് തുടർച്ച*

ളിലും പെരുന്നാളികളിലും ആയിരുന്നു യിസ്രായേൽ ദൈവത്തെ ആരാധിച്ചിരുന്നത്. ശാബ്ബത്തുദിനം അവരുടെ ആരാധനയെ നിയന്ത്രിച്ചിരുന്ന ഒരു ദിവസമായിരുന്നു. മുകളിലെ പ്രസ്താവനയാൽ ആരാധന ഇനിയും ദിവസങ്ങളെയും, മാസങ്ങളെയും, കാലങ്ങളെയും ആണ്ടുകളെയും ആശ്രയിച്ചല്ല ഇരിക്കുന്നതെന്നു കർത്താവു വ്യക്തമാക്കുന്നു. 'വിശുദ്ധദിവസം' എന്നൊരു പ്രത്യേക ദിവസത്തെപ്പറ്റി പുതിയ നിയമം ഒന്നും പറയുന്നില്ല; എന്നു പറഞ്ഞാൽ സാധാരണ ദിവസങ്ങൾക്ക് ഇല്ലാത്ത പവിത്രതയുള്ള ദിവസമോ ദിവസങ്ങളോ ഇല്ല. ഏഴാം ദിവസമായ ശാബ്ബത്തുദിവസം യിസ്രായേലിനുള്ളതാണ്, ഒരു ജാതി എന്ന നിലയിൽ ദൈവം അവരോടു ചെയ്ത നിയമത്തിന്റെ അടയാളമാണ് (പുറ. 31:13). ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ കർത്തൃദിവസം സഭായുഗത്തിൽപെട്ടതാണ്. **ആരാധന ആഴ്ചയിലെ ഏതെങ്കിലുമൊരു ദിവസത്തിലൊ ആ ദിവസത്തിന്റെ പ്രത്യേകസമയത്തോ ഒതുക്കി നിർത്തിയിട്ടില്ല.** അപ്പൊ.പ്ര. 20: 7–ൽ നിന്നു ആദിമ സഭ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അപ്പം നുറുക്കുവാൻ കൂടിവന്നു എന്നു നമുക്കറിയാം. എന്നാൽ പുത്രൻ മുഖാന്തരം പിതാവിനെ ആരാധിക്കുന്നത് അന്നു മാത്രമെ പാടുള്ളു എന്നു പറയാൻ പ്രയാസം.

വിശേഷ ദിവസങ്ങളെപ്പറ്റി ക്രൈസ്തവലോകം പറയാറുണ്ട്. എന്നാൽ പുതിയ നിയമത്തിൽ അങ്ങനെയൊന്നും കാണുന്നില്ല, ഇതെല്ലാം യിസ്രായേലിനോടു ബന്ധിച്ചതും ക്രിസ്തുവിൽ നീങ്ങിപ്പോയതുമാണ്. ഇങ്ങനെയുള്ള സകല ഉപദേശപ്പിശുകകൾക്കുമുള്ളതാണ് ഗലാത്യലേഖനം. വിശ്വാസികളെല്ലാം ഇതിന്റെ ഉള്ളടക്കം നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാണ്. എല്ലാ ദിവസങ്ങളും ഇന്ന് ദൈവത്തിന് വിശുദ്ധമായിരിക്കണം. മറ്റ് വിശുദ്ധന്മാരോട് ചേർന്ന് കർത്താവിനെ ആരാധിക്കുവാനും അപ്പം നുറുക്കുവാനും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം കൂടി വരുന്നതിനു ള്ള പദവി വിശ്വാസിക്ക് ഇന്നുണ്ട്. **എന്നാൽ കർത്താവിനെ ആരാധിക്കുന്നത് ഒരു പ്രത്യേക ദിവസത്തിലോ സമയത്തോ മാത്രമേ പാടൂള്ളു എന്നു ശഠിക്കാൻ പാടില്ല.**

## കമന്റേഷൻ

ഇരിങ്ങാലക്കുട ബെഥേസ്ദാ സഭയിൽ നിന്നും സഹോദരൻ സി.ബി. ജോസിനെ സുവിശേഷ വേലയ്ക്കായി കമന്റ് ചെയ്തിരിക്കുന്നു. വിലാസം–C.B. Jose, Chakkanparambil, R.S. Road, 15/152, Irinjalakuda 680121, Thrissur. സഭയ്ക്കുവേണ്ടി ഡോ. ജോൺ ജോർജ്ജ്,കെ.ജെ.ജോസ്.

സഹോദരൻ പി.എ. സേവ്യർ കുടുംബമായി ചില വർഷങ്ങളായി പാലേമാട് ബ്രദ്റൻ സഭയോട് ചേർന്ന് പൂർണ്ണസമയ സുവിശേഷകനായി പ്രവർത്തിച്ചു വരുന്നു. തന്റെ ശുശ്രൂഷ സഭയ്ക്ക് പ്രയോജനമാണെന്ന് സഭയ്ക്ക് ബോധ്യവുമായിരിക്കുന്നു. സഹോദരന് ഭാര്യയും രണ്ട് പെൺമക്കളുമാണുള്ളത്. സഹോദരനേയും കുടുംബത്തേയും ദൈവജനത്തിന്റെ പ്രാർത്ഥനയിൽ ഓർക്കണമെ. വിലാസം P.A. Xevier, Punnackal House, Pallipady, Palemedu P.O., Malapuram - 679331 Ph: 04931 278466 കെ.പി. ഗോപിനാഥൻ, പി.പി. രാജു, ചാക്കോ വർഗ്ഗീസ്.


പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ്സ് സിലബസ് പ്രസിദ്ധീകരിച്ച ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി തയ്യാറാക്കുന്നത്.

5 Day VBS

**ദൈവത്തിന്റെ മനുഷ്യൻ**

മുൻകൂട്ടി ഓർഡർ ചെയ്യുക ഉടനെ ബന്ധപ്പെടുക



**എന്റെ ദൈവത്താൽ സാദ്ധ്യം, ദൈവത്തിന്റെ പൈതൽ, പൗലോസും കൂട്ടുകാരും തുടങ്ങിയ പ്രോഗ്രാമുകൾക്ക് 50% ഡിസ്കൗണ്ട്. പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യം.**



സഭകളായും വ്യക്തികളായും വി.ബി.എസ്. സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം

**CEM, P.O Box 46, Tiruvalla - 1. Tel : 0469 - 2601532, 2701165.**
**Mobile : 9495353440, 9447041114, 9447414222, 9895710910**


## പ്രയർ കലണ്ടർ ഏപ്രിൽ 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിറ്റ് സ്തുതി:<br>5 മിനിറ്റ് നന്ദി (സ്ത്രോതം):<br>5 മിനിറ്റ് ഏററുപറച്ചിൽ:<br>20 മിനിറ്റ് വചനധ്യാനം:<br>20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിറ്റ് അപേക്ഷ: | **6** സ്ഥലം സഭയിലെ മൂപ്പന്മാർ കുടുംബാംഗങ്ങൾ എന്നിവർക്കായി. സഭയിൽ നിന്ന് സുവിശേഷ വേലയ്ക്കായി പോയിരിക്കുന്നവർക്കു വേണ്ടി. ജോലിക്കായി വിദേശത്തും ദൂരസ്ഥലങ്ങളിലും പോയിരിക്കുന്നവർക്കു വേണ്ടി. ഇങ്ങയുള്ളവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടിയും, സഭയിലെ മറ്റ് പ്രവർത്തനങ്ങളെ ഓർത്തും. – **എസ്.എസ്.എൽ. ക്യാമ്പ്.** | **13** സ്ഥലം സഭയിലെ ഓരോരുത്തർക്കായും പേരുപറഞ്ഞ് പ്രാർത്ഥിക്കുക. ഒരുക്കത്തോടെ കടന്നുവരുവാൻ. ഏകാഗ്രമായി ദൈവസന്നിധിയിൽ ഇരിക്കുവാൻ. സഭയിലെ മറ്റ് കൂടിവരവുകൾക്കായി. സുവിശേഷകരുടെ പേരു പറഞ്ഞ്. സൺഡേസ്കൂളിൽ വരുന്ന കുട്ടികളുടെ പേരു പറഞ്ഞ്. പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി. രക്ഷിക്കപ്പെടാത്ത കുട്ടികൾക്കുവേണ്ടി. | **20** നമ്മുടെ അയൽസഭകൾക്കായി. ഒത്തൊരുമയും സഹകരണവും നിലനിൽക്കാൻ. സുവിശേഷ വിഹിത സഭകൾക്കും പ്രവർത്തനങ്ങൾക്കുമായി. വിവിധ സഭാമേലദ്ധ്യക്ഷർ, പാസ്റ്റർ, സുവിശേഷകർ എന്നിവർക്കായി. നാമധേയ ക്രിസ്തീയ സമൂഹത്തിനും വേണ്ടി. യേശുക്രിസ്തു മൂലമുള്ള രക്ഷ തിരിച്ചറിയാനും അത് മറ്റുള്ളവരെ അറിയിക്കുവാനും. | **27** സഭയിലെ പ്രവർത്തനങ്ങൾക്കായും, മീറ്റിങ്ങുകൾക്കായും. ആരാധന യോഗം, വചന ശുശ്രൂഷ, സൺഡേസ്കൂൾ, യൂത്ത് മീറ്റിങ്ങ്, പ്രാർത്ഥനാ യോഗം, പരസ്യ യോഗം, ഭവനയോഗം, ബൈബിൾ സ്റ്റഡി, സഹോദരിമാരുടെ യോഗം എന്നിവയ്ക്കായി. ഏതെങ്കിലും പ്രവർത്തനം മുടങ്ങിക്കിടുക്കുന്നുണ്ടെങ്കിൽ പുനരാരംഭിക്കുവാൻ. ദൈവസന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിക്കുക. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **7** വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കു വേണ്ടി. നിതീഷ് കുമാർ (ബീഹാർ), ഷീലാ ദീക്ഷിത് (ഡൽഹി), എം. കരുണാനിധി (തമിഴ്നാട്), വിലാസ് റാവു ദേശ് മുഖ് (മഹാരാഷ്ട്ര), ബുദ്ധദേവ് ഭട്ടാചാര്യ (പശ്ചിമ ബംഗാൾ), വസുന്ധര രാജെ (രാജസ്ഥാൻ), രമൺ സിംഗ് (ഛത്തീസ്ഗഡ്), നവീൻ പട്നായിക്ക് (ഒറീസ), അടുത്ത തിങ്കളാഴ്ചയിലെ കോളത്തിലും നോക്കുക. | **14** പ്രകാശ് സിംഗ് ബാദൽ (പഞ്ചാബ്), തരുൺ ഗൊഗോയി (അസം), ബി.എസ്. ഹൂഡ (ഹരിയാന), മധു കോഡ (ജാർഖണ്ഡ്), ശിവരാജ് ചൗഹാൻ (മധ്യപ്രദേശ്), ബി.സി. ഖണ്ഡൂരി (ഉത്തരാഖണ്ഡ്), നരേന്ദ്ര മോഡി (ഗുജറാത്ത്), മായാവതി (ഉത്തർപ്രദേശ്), വൈ.എസ്.ആർ. റെഡ്ഡി (ആന്ധ്ര). ഇവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കൂടുതൽ സുവിശേഷ സ്വാതന്ത്ര്യം ലഭിക്കാൻ. | **21** നമ്മുടെ മന്ത്രിമാർ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി), കൊടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരം), തോമസ് ഐസക്ക് (ധനകാര്യം), എം.എ. ബേബി (വിദ്യാഭ്യാസം), പാലോളി മുഹമ്മദ് (തദ്ദേശം), ജി. സുധാകരൻ (ദേവസ്വം), സി. ദിവാകരൻ (ഭക്ഷ്യം), കെ. പി. രാജേന്ദ്രൻ (റവന്യു), എളമരം കരീം (വ്യവസായം), മുല്ലക്കര രത്നാക്കരൻ (കൃഷി), എൻ.കെ. പ്രേമചന്ദ്രൻ (ജലവിഭവം). | **28** സുപ്രീം കോടതി, ഹൈ കോടതി, ജില്ലാ കോടതി ന്യായാധിപന്മാർ, കേന്ദ്ര, സംസ്ഥാന, IAS, IPS ഉദ്യോഗസ്ഥർ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അധികാരികൾ ഉദ്യോഗസ്ഥർ എന്നിവർക്കു വേണ്ടി. കേന്ദ്രത്തിലേയും, നമ്മുടെ സംസ്ഥാനത്തേയും പ്രതിപക്ഷ നേതാക്കൾക്കു വേണ്ടിയും. കേന്ദ്രമന്ത്രിമാരുടെ പേരുകൾ ഓർത്ത്. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **1** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി. നിങ്ങളുടെ സ്ഥലം എം.എൽ.എ.,എം.പി., കോർപ്പറേഷൻ മേയർ, മുൻസിപ്പൽ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവരുടെ പേര് പറഞ്ഞ്. പോലീസ് ഉദ്യോഗസ്ഥർ, ന്യായാധിപന്മാർ ഇവർക്കായി. റേഷൻ കടയുടമ, പാൽക്കാരൻ, പത്രക്കാരൻ, ഇവരുടെ പേര് ശേഖരിച്ച്. | **8** അനുദിനം കണ്ടു മുട്ടുന്നവരെ ഓർത്ത്. ചിലർക്കെങ്കിലും ലഘുലേഖകൾ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? സഹപാഠികൾ, ഒരുമിച്ച് ജോലി ചെയ്യുന്നവർ, ബസ്സ് ജീവനക്കാർ, ഓട്ടോ ഡ്രൈവർ. നിങ്ങൾ ഏതെങ്കിലും ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിൽ പോകുന്നതിനു മുമ്പ് അവിടുത്തെ ഉദ്യോഗസ്ഥർക്കായി. | **15** ഭാരതത്തിലെ സുവിശേഷ വിരോധ സംഘടനകളുടെ നേതാക്കൾ രക്ഷിക്കപ്പെടുവാൻ. അവരുടെ പേര് പറഞ്ഞ് പ്രാർത്ഥിക്കുക. ആർ.എസ്.എസ്. നേതാക്കളായ സുദർശനൻ, മോഹൻ ഭാഗവത്, മദൻ ഭാസ്ദേവി, സുരേഷ് സോണി, ഭയ്യാജി ജോഷി, വിശ്വ ഹിന്ദു പരീക്ഷത്ത് നേതാവ് അശോക് സിഗാൾ, കൈലാസ് ശർമ്മ, തൊഗാഡിയ. | **22** തീവ്രവാദ പ്രവർത്തനങ്ങൾ ഇല്ലാതെയാകാൻ. അതിൽ പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനായ് പ്രാർത്ഥിക്കുക. മതപരിവർത്തന നിയമം പാസാക്കിയ അരുണാചൽ പ്രദേശ്, ഒറീസ്സ, മദ്ധ്യപ്രദേശ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കായി. ഈ സംസ്ഥാനങ്ങളിലെ മറ്റ് നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവർക്കായും ഇവിടെ നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കായും. | **29** രക്ഷിക്കപ്പെടാത്ത നിങ്ങളുടെ ബന്ധുമിത്രാദികൾക്കായി. ദൂരെയുള്ളവരുണ്ടെങ്കിൽ എഴുത്തിലൂടെയോ, ഫോണിലൂടെയോ സുവിശേഷം പറയുക. സഭയിലെ രക്ഷിക്കപ്പെടാത്ത കുട്ടികളും യുവജനങ്ങളും അടക്കമുള്ളവരുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുക. കർണ്ണാടകയ്ക്കു വേണ്ടി. തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് ക്രിസ്ത്യാനികൾ ഇവിടെയാണ്. |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **2** രോഗികളായ കുഞ്ഞുങ്ങളെ ഓർത്ത്. മെൽലിൻ (മേപ്രാൽ), സ്റ്റെവിൻ (പത്തനാപുരം), നിയ (ഇടയക്കുന്നം), മനുവേൽ (കുടിയാന്മല). റാന്നിയിലെ ഹന്നയ്ക്കു വേണ്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി അത്ഭുതകരമായ വിടുതൽ. ഇന്നു മുതൽ അങ്കമാലിയിലും അടൂരും എസ്.എസ്.എൽ. ക്യാമ്പ് ആരംഭിക്കുന്നു. 7–ാം തീയതി വരെ ഈ ക്യാമ്പുകൾക്കു വേണ്ടി പ്രാർത്ഥിക്കുക. | **9** വാർദ്ധക്യ സഹജ ക്ഷീണത്തിലായിരിക്കുന്ന പി.കെ. മാത്യൂസ് (തിരുവല്ല) വി.പി. ജേക്കബ് (തിരുവനന്തപുരം), കെ. കുര്യൻ (ചേരാനെല്ലൂർ), കുഞ്ഞമ്മ സൈമൺ (എറണാകുളം), ലില്ലി മൈക്കിൾ (ഇടയക്കുന്നം), ഫിലിപ്പ് എബ്രഹാം (കല്ലിശ്ശേരി), ഇ.വി. വർഗ്ഗീസ് (അങ്കമാലി), അന്നമ്മ ജോസഫ് (എറണാകുളം). നിങ്ങൾക്കറിയാവുന്നവരുടെയും ലിസ്റ്റ് തയ്യാറാക്കുക. | **16** സൗഖ്യമില്ലാത്തവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ ശുശ്രൂഷിക്കുന്നവരെ ഓർത്തും. അവരുടെ ബന്ധുജനങ്ങൾ തങ്ങളുടെ കടപ്പാട് നിർവ്വഹിക്കുവാൻ. ചിലരെ സന്ദർശിച്ച് പ്രാർത്ഥിക്കുക. സാമ്പത്തീകമായ് വിഷമിക്കുന്നവർക്കായ് ഏനാത്ത് സഭയിലെ ക്രിസ്റ്റി രാജ് (കഴിഞ്ഞലക്കം നമുക്കു ചുറ്റും വാർത്ത കാണുക). ഇടയക്കുന്നം സഭാംഗം റാഫേൽ എന്നിവർക്കായ്. | **23** ക്യാൻസർ രോഗികൾ. ഗ്രേസ് ജോൺസൻ (എറണാകുളം) ജോർജ് എം. എബ്രഹാം (USA) എസ്തേർ 5 വയസ് (USA)ജോർജ്ജ് മർസിലിൻ (കുണ്ടറ), ജോൺ മാത്യു (USA), പ്രൊഫ. ചെറിയാൻ മാത്യു (പുത്തൻകാവ്), Y. ജോൺസൻ (സൗദി), കെ.എം. പാപ്പച്ചൻ (USA), ജോൺ മാത്യു (USA), ഷീബ തോമസ് (മുംബൈ), E.C. ചെറിയാൻ, സിൻഡി ഹോഗൻ (USA), സിൽവി ചാൾസ് (എറണാകുളം). | **30** വിവിധ രോഗങ്ങളാൽ ഭാരപ്പെടുന്നവർ. ലിയോ പോൾ വില്യംസ് (തൊടുപുഴ), ഡാനിയേൽ വർഗ്ഗീസ് (തിരുവനന്തപുരം), ബയൂല ജോസഫ് (വയനാട്), കെ.വി. പൗലോസ് (കോതമംഗലം), ടോമി ചെറിയാൻ (മധുര), ചാക്കോ തോമസ് (പൂന), റസമ്മ തോമസ് (അങ്കമാലി), ഷീബ തോമസ് (മുംബൈ), ജോഷി കുര്യാക്കോസ് (കോട്ടയം), ഇസ്രായേൽ (കുമ്പനാട്), അമ്മിണി ഡാനിയേൽ (പാലക്കാട്). |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **3** ബൈബിൾ തർജ്ജിമയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു വേണ്ടി. ബാബു തോമസ് (ബസ്തർ). പി.റ്റി തോമസ് (ജാബുവ), മാത്യു വർഗ്ഗീസ് (നാഗ്പൂർ), എസ്തേർ (ഹിമാചൽ). ബെന്നി കുര്യൻ (സിറോഞ്ച). ബൈബിൾ തർജ്ജിമ, അച്ചടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിക്ളിഫ്, ബൈബിൾ സൊസൈറ്റി, – **എസ്.എസ്.എൽ. ക്യാമ്പ്.** | **10** സ്റ്റിവാർഡ് അസോസിയേഷൻ, ജി.എഫ്.റ്റി.ഐ. തുടങ്ങിയ സംഘടനകൾ വലിയ ദർശനത്തോടെ ഭാരത സുവിശേഷീകരണത്തിനായി പ്രവർത്തിക്കുവാൻ. സുവിശേഷ വിരോധികൾ മൂലം കഷ്ടം അനുഭവിക്കുന്ന സുവിശേഷകന്മാരോ ഓർത്ത്. ഒറീസയ്ക്കു വേണ്ടിയും ഹരിയാനയിലെ ഭിവാനി ജില്ലയ്ക്കു വേണ്ടിയും പ്രത്യേകം. സുവിശേഷകരുടെ കുടുംബാംഗങ്ങൾക്കു വേണ്ടിയും. | **17** സുവിശേഷ വേലയ്ക്കു വേണ്ടി വിശ്വാസികൾ ഔദാര്യമായി കൊടുക്കുവാൻ. നോർത്ത് ഇന്ത്യയിൽ പല കൂടിവരവുകൾക്കും സഭാഹാൾ ഇല്ല. ഈ ആവശ്യങ്ങൾക്കു വേണ്ടി. കേരളത്തിലെ അട്ടപ്പാടിയിലെ കള്ളമല, കാസർകോട് ജില്ലയിലെ പടുപ്പ്, കാഞ്ഞങ്ങാട്, കണ്ണൂർ ജില്ലയിലെ മണ്ടളം, മലപ്പുറത്ത് നിലമ്പൂർ എന്നിവിടങ്ങളിലും സഭാഹാൾ ആവശ്യം. | **24** പഞ്ചാബിലും, കർണ്ണാടകയിലും പ്രവർത്തിക്കുന്ന വൈ.എം.എഫ്. ടീമിനു വേണ്ടി. മാസവേല, മാസയോഗം, മിനി ക്യാമ്പുകൾ, ബൈബിൾ സൊസൈറ്റികൾ, ആശുപത്രീ സുവിശേഷീകരണം, റേഡിയോ, ടി.വി. ഇന്റർനെറ്റ് മുഖേന നടക്കുന്ന പ്രവർത്തനങ്ങൾ. ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ. |  |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | **4** ആഫ്രിക്കൻ രാജ്യങ്ങൾക്കു വേണ്ടി. എത്യോപ്യ പ്രസിഡന്റ് ഗിർമ്മ വോൾഡേ ജോർജിസ്. പ്രധാനമന്ത്രി. മെലിസ് സിനാവി. ജനസംഖ്യ 7.51 കോടി. കെനിയ പ്രസിഡന്റ് മ്വായ് കിബാക്കി. വൈസ് പ്രസിഡന്റ് കലോൻസോ മിസ്യോക. ജനസംഖ്യ 3.12 കോടി. ആഭ്യന്തര കലാപത്തെ തുടർന്ന് പ്രതിസന്ധിയിലൂടെ ഈ രാജ്യം കടന്നു പോകുന്നു. **– എസ്.എസ്.എൽ. ക്യാമ്പ്.** | **11** ലാറ്റിനമേരിക്കൻ രാജ്യങ്ങളായ ഇക്കഡോർ. പ്രസിഡന്റ് റാഫേൽ കൊറയ. വൈസ് പ്രസിഡന്റ് ലെനിൻ മോറെനോ. ജനസംഖ്യ 1.38 കോടി. മെക്സിക്കോ പ്രസിഡന്റ് ഫെലിപ്പെ കൾഡേറോൺ. ജനസംഖ്യ 10.87 കോടി. ക്രിസ്ത്യൻ രാജ്യങ്ങളാണെങ്കിലും മയക്കുമരുന്നിനടിമപ്പെട്ടവരാണ് ഭൂരിഭാഗവും. | **18** യൂറോപ്യൻ രാജ്യങ്ങൾ. സ്പെയിൻ പ്രസിഡന്റ് ജോസ് എൽ. റോഡ്രിഗ്സ് സപ്പറ്ററോ. ജനസംഖ്യ 4.52 കോടി. ഇറ്റലി– പ്രസി. ജിയോജിയോ നെപ്പോളിറ്റാനോ. ജനസംഖ്യ 5.93 കോടി. പോപ്പിന്റെ അധീനതയിലുള്ള റോമാണ് തലസ്ഥാനം. മോനോക്കോ – രാജാവ് ആൽബർട്ട് രണ്ടാമൻ. ജനസംഖ്യ 32671. | **25** പാക്കിസ്ഥാനു വേണ്ടി. പ്രസി. പർവേസ് മുശാറഫ്. ജനസംഖ്യ 16.25 കോടി. തെരഞ്ഞെടുപ്പിനെ തുടർന്ന് പുതിയ ഭരണ സംവിധാനം. ജനാധിപത്യം പുനഃസ്ഥാപിക്കപ്പെടുവാൻ. ടർക്കി പ്രസി. അബ്ദുള്ള ഗുൽ. പ്രധാനമന്ത്രി തയ്പ് എർദോഗൻ. ജനസംഖ്യ 7.05കോടി. യേശുക്രിസ്തുവിന്റെ കാലത്ത് ലോകത്തിലെ സമ്പന്ന രാജ്യം ഇപ്പോൾ ദരിദ്രരാജ്യങ്ങളുടെ പട്ടികയിൽ. | |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **5** മദ്ധ്യവേനലവധി കാലത്ത് നടക്കുന്ന വി.ബി.എസുകൾക്കായി. അനേകം കുഞ്ഞുങ്ങൾ രക്ഷിക്കപ്പെടുവാൻ, ടീച്ചേഴ്സിനായി. ഈ പ്രവർത്തനങ്ങൾക്ക് സഭകൾ മുന്നോട്ട് വരുവാൻ. 5 ഡേ വി.ബി.എസ്., ബാലസംഘം പ്രവർത്തനങ്ങൾക്കായി. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കായി. ചിൽഡ്രൻസ് ക്ലബ്ബുകൾക്കായി **– എസ്.എസ്.എൽ. ക്യാമ്പ്.** | **12** ഹെൽത്ത് കെയർ ക്രിസ്ത്യൻ ഫെലോഷിപ്പിനായി. ആശുപത്രികൾ – തിരുവല്ല മെഡിക്കൽ മിഷൻ, മന്ദമരുതി, വാഴൂർ, നരസപ്പൂർ, അംബാജിപേട്ട് (ആന്ധ്രാ), സങ്കേശ്വർ (കർണ്ണാടക), പക്കാംജോർ ആശാകിരൺ (ഛത്തീസ്ഗഡ്), റ്റി.എം.എം. നേഴ്സിംഗ് കോളേജ്, നേഴ്സിങ്ങ് സ്കൂൾ. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിനു വേണ്ടി പ്രത്യേകം. | **19** വടക്കെ ഇന്ത്യയിൽ പല സ്ഥലങ്ങളിലും സ്കൂളുകളും, ആശുപത്രികളും ആരംഭിക്കുവാൻ. ഇക്കാര്യങ്ങൾക്കായ് യുവജനങ്ങൾ പോകുവാനും ആവശ്യമായ പിന്തുണ ലഭിക്കുവാനും. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഇ.എച്ച്.എ. ആശുപത്രികൾക്കായി. യുവ ഡോക്ടർമാരും, നേഴ്സുമാരും സമർപ്പണവും ദർശനവും ഉള്ളവരാകാൻ. (അറിയുന്നവരുടെ പേരു പറഞ്ഞ്). | **26** ഓർഫനേജുകൾക്കു വേണ്ടി. റഹബോത്ത് ഗേൾസ് ഹോം (തൃശൂർ), ബോയ്സ് ഹോം (ഇരിങ്ങാലക്കുട), ദയാവിഹാർ (തിരുവല്ല), ഉസ്ലംപെട്ടി ഗേൾസ് ഹോം, മലവള്ളി ബോയ്സ് ഹോം, ശാന്തിഭവൻ (ഒറീസ്സ), ബേർഡ് മെമ്മോറിയൽ, നോയൽ മെമ്മോറിയൽ സ്കൂളുകൾ വൃദ്ധ സദനങ്ങൾ. മിസ്സ് സൺഗ്രൻ മെമ്മോറിയൽ (തൃശൂർ) മേഴ്സി ഹോം (കുമ്പനാട്). | |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,